DESPATCHED
On..16/12/21.

S-20 (1)
25/11/21


# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
## പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in


## ഹർജി നമ്പർ AP.No.1852 (5)/16/SIC
## തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം
## File No. 9716/SIC-G7/2016

**സന്നിഹിത**
**ശ്രീമതി ശ്രീലത പി. ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ. ടി.എൻ.ബാലൻ,**
**മമത, പി.ഒ.ചേർപ്പ്,**
**തൃശ്ശൂർ – 680561.** } **അപ്പീൽ ഹർജിക്കാരൻ**

Vs

1 **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
**ചേർപ്പ് ഗ്രാമപഞ്ചായത്ത് കാര്യാലയം,**
**ചേർപ്പ് പി.ഒ, തൃശ്ശൂർ – 680561.**

2. **അപ്പീൽ അധികാരി,**
**പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,**
**തൃശ്ശൂർ.** } **എതിർകക്ഷികൾ**

| | |
|---|---|
| 6(1) അപേക്ഷ തീയതി | 09.03.2016 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 19.03.2016 |
| ഒന്നാം അപ്പീൽ | 15.04.2016 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 11.05.2016 |
| രണ്ടാം അപ്പീൽ | 01.08.2016 |
| ഹിയറിംഗ് തീയതി, സ്ഥലം | 29.10.2021 സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം. |
| എതിർകക്ഷി | ഹാജരായിരുന്നു |
| അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ.ടി.എൻ.ബാലൻ 09.03.2016 ൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയിലൂടെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് (എസ്.പി.ഐ.ഒ) ആവശ്യപ്പെട്ടിരുന്നത്, കഴിഞ്ഞ തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിൽ ചേർപ്പ് ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലേക്കും നോമിനേഷൻ സമർപ്പിച്ച എത്രപേർ ഉണ്ടായിരുന്നു, ഇതിൽ എത്രപേർ നോമിനേഷൻ

പിൻവലിച്ചു, നോമിനേഷൻ സമർപ്പിക്കുവാൻ വേണ്ടി എത്രപേർ 1000 രൂപ കെട്ടിവെച്ചു എന്നതുമായി ബന്ധപ്പെട്ട് 9 വിവരങ്ങളായിരുന്നു.

2. പ്രസ്തുത അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 19.03.2016 ൽ നൽകിയ മറുപടിയിൽ തൃപ്തനാകാതെ 15.04.2016 ൽ അപ്പീൽ സമർപ്പിക്കുകയും പ്രസ്തുത അപ്പീൽ 11.05.2016 ൽ തീർപ്പാക്കി ഉത്തരവ് നൽകുകയും ചെയ്തു.

3. ഒന്നും രണ്ടും എതിർകക്ഷികളുടെ മറുപടിയിൽ തൃപ്തനാകാതിരുന്ന അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിക്കുകയുണ്ടായി. ടി അപ്പീൽ ഹർജി ഫയലിൽ സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ ഇരുകക്ഷികളെയും നേരിൽ കേൾക്കുന്നതിനായി 29.10.2021 ന് ഹിയറിംഗ് പോസ്റ്റ് ചെയ്യുകയും, ടെലിഫോൺ മുഖാന്തിരം നടത്തിയ നേർവിചാരണയിൽ ഒന്നാം എതിർകക്ഷിയും അപ്പീൽ ഹർജിക്കാരനും ഹാജരാകുകയും ചെയ്തു.

4. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത് വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക് വിവരം മാത്രമാണ് ആവശ്യപ്പെട്ടതെന്നും പകർപ്പ് ആവശ്യപ്പെട്ടിട്ടില്ലെന്നും 11.05.2016 ൽ അപ്പീൽ അധികാരി ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ സൗജന്യമായി ലഭ്യമാക്കേണ്ടതാണെന്ന് അപ്പീൽ തീർപ്പാക്കി ഉത്തരവ് നൽകിയിട്ടും എസ്.പി.ഐ.ഒ വിവരം ലഭ്യമാക്കിയില്ലെന്നും മറ്റുമാണ്.

5. അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് 19.03.2016 ലെ ബി2-3370/16 നമ്പർ കത്ത് പ്രകാരം മറുപടി നൽകിയിരുന്നുവെന്നും പ്രസ്തുത മറുപടിയിൽ തൃപ്താകാതെ ടിയാൻ സമർപ്പിച്ച അപ്പീലിന്മേൽ അപ്പീൽ അധികാരി ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ സൗജന്യമായി ലഭ്യമാക്കേണ്ടതാണെന്ന് ഉത്തരവായതനുസരിച്ച് വിവരങ്ങൾ കൈപ്പറ്റേണ്ടതാണെന്ന് ടിയാനെ അറിയിച്ചിട്ടുണ്ടെന്നും ലഭ്യമാക്കുവാൻ കഴിയുന്ന വിവരങ്ങൾ നൽകിയിട്ടുണ്ടെന്നും എസ്.പി.ഐ.ഒ. കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു.

6. അപ്പീൽ ഹർജിയും അനുബന്ധ രേഖകളും ഇരുകക്ഷികളുടെയും മൊഴിയും കമ്മീഷൻ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ നൽകാൻ കഴിയുന്നതായിരുന്നുവെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകുവാൻ അപ്പീൽ അധികാരി ഉത്തരവ് നൽകിയിട്ടും വിവരം മന:പൂർവ്വം ലഭ്യമാക്കാതിരുന്നത് വിവരാവകാശ നിയമത്തോടുള്ള ലംഘനവും കമ്മീഷനോടുള്ള അവഹേളനവുമാണ്. എസ്.പി.ഐ.ഒ യുടെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ച വന്നിട്ടുള്ളതായി കമ്മീഷൻ വിലയിരുത്തുന്നു. ഇപ്രകാരം വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ.യ്ക്കെതിരെ വിവരാവകാശനിയമം വകുപ്പ് 20(1) പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താൽക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു മറുപടിയും ലഭിച്ചിട്ടില്ലെങ്കിൽ എതിർകക്ഷിയ്ക്ക് യാതൊന്നും ബോധിപ്പിക്കുവാനില്ലെന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ നടപടി സ്വീകരിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ നേരിൽകണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ടതുമാണ്. ഒന്നാം അപ്പീൽ അധികാരി നൽകാൻ നിർദ്ദേശിച്ച വിവരം ഈ ഉത്തരവ് കൈപ്പറ്റി 10 ദിവസത്തിനുള്ളിൽ അപ്പീൽവാദിക്ക് സൗജന്യമായി നൽകേണ്ടതും വിവരം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതുമാണ്. ഇപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021 നവംബർ മാസം 5-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)

**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**കമ്മീഷൻ സെക്രട്ടറി**
Jn

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM